STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.36/PR/SPMC/PHQ/2024 Date:05.06.2024

# ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഗ്യാലറിയിലെ സോളാർ റൂഫിംഗ് പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സ്ഥാപിച്ച സോളാർ റൂഫിംഗ് പദ്ധതിയുടെ ഉദ്ഘാടനം ജൂൺ ഏഴ് വെള്ളിയാഴ്ച വൈകിട്ട് ആറുമണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, എ.ഡി.ജിപിമാരായ മനോജ് എബ്രഹാം, എം.ആർ അജിത് കുമാർ, പോലീസ് ആസ്ഥാനത്തെ ഐ.ജി ഹർഷിത അത്തല്ലൂരി, കെ.എസ്.ഇ.ബി ചെയർമാൻ ആൻറ് മാനേജിംങ് ഡയറക്ടർ ബിജു പ്രഭാകർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് ചീഫ് ജനറൽ മാനേജർ ഗീതിക വർമ്മ മുതലായവർ പങ്കെടുക്കും.

കേരള പോലീസ് ഇന്റർഗ്രേറ്റഡ് സ്പോർട്സ് ആൻറ് ഗെയിംസ് കോംപ്ലക്സ് പ്രവർത്തിക്കുന്ന ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ ഗ്യാലറിയുടെ മേൽക്കൂരയിലാണ് ഒരു മെഗാവാട്ട് ശേഷിയുള്ള സോളാർ പദ്ധതി സ്ഥാപിച്ചിരിക്കുന്നത്. ഏഴരക്കോടി രൂപ ചെലവ് പ്രതീക്ഷിച്ച പദ്ധതി 6.98 കോടി രൂപ കൊണ്ട് പൂർത്തിയാക്കാനായി. ഇതിൽ 2.75 കോടി രൂപ ഇന്ത്യൻ ഓയിൽ കോർപ്പറേഷനാണ് ലഭ്യമാക്കിയത്. പദ്ധതി വഴി ഉത്പാദിപ്പിക്കുന്ന വൈദ്യുതി വിൽക്കുന്നതിലൂടെ ആറു വർഷത്തിനുള്ളിൽ മുടക്കുമുതൽ തിരിച്ചുപിടിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

പൊതുജനങ്ങൾക്ക് വിവിധ കായിക ഇനങ്ങൾ പരിശീലിക്കുന്നതിനും കളിക്കുന്നതിനും ഇവിടെ അവസരമുണ്ട്. കൂടാതെ ഒരു നീന്തൽ കുളവും മൂന്ന് ജിംനേഷ്യവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

**********************